ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 188 എ ക്ളോസ് (ബി)-യിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിന് ജീവനക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകമോ ആശ്രിതൻ പ്രായപൂർത്തിയാകാത്തത് ആണെങ്കിൽ പ്രായപൂർത്തിയായി 3 വർഷത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ശ്രീമതി കെ. ആർ. ഉഷ പ്രസ്തുത കാലാവധി കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ സാഹചര്യത്തിൽ ആശ്രിത നിയമന അനുമതിക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസത്തിനുള്ളകാരണം സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

43 (5848) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ സംഘങ്ങളുടെയും ബാങ്കിംഗ് സ്ഥാപനങ്ങളുടേയും പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും ഒടുവിലെ കണക്കുകൾ പ്രകാരം ഓരോ വിഭാഗത്തിലും സജീവമല്ലാത്തവയും നിർത്തലാക്കൽ ഭീഷണിയിലുള്ളവയും സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾ മൂലമുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി എത്രയാണെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദ വിവരം താഴെ ചേർക്കുന്നു :

ജില്ല	സജീവമല്ലാത്തവ	നിർത്തലാക്കാൽ ഭീഷണിയുള്ളവ
തിരുവനന്തപുരം	284	125
കൊല്ലം	218	7
പത്തനംതിട്ട	31	41
ആലപ്പുഴ	134	25
കോട്ടയം	131	37
ഇടുക്കി	206	23
എറണാകുളം	158	65
തൃശ്ശൂർ	250	44
പാലക്കാട്	142	16
മലപ്പുറം	82	45
കോഴിക്കോട്	77	25
വയനാട്	167	48
കണ്ണൂർ	76	53
കാസർഗോഡ്	78	17

(സി) വിശദ വിവരം താഴെ ചേർക്കുന്നു :

ജില്ല	സ്ഥാപനങ്ങളുടെ എണ്ണം	സാമ്പത്തിക നഷ്ടം (തുക)
(1)	(2)	(3)
തിരുവനന്തപുരം	9	21,34,35,784 രൂപ രണ്ട് സംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
കൊല്ലം	8	19,11,14,431 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
പത്തനംതിട്ട	3	52,83,950 രൂപ
ആലപ്പുഴ	9	5,16,97,801 "
കോട്ടയം	19	4,64,11,505 "
ഇടുക്കി	5	72,33,788 "
എറണാകുളം	4	1,99,86,244 "
തൃശ്ശൂർ	14	1,40,78,662 രൂപ ആറ് സംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
പാലക്കാട്	8	1,72,36,043 രൂപ
മലപ്പുറം	10	69,30,637 രൂപ മൂന്നുസംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
കോഴിക്കോട്	6	4,55,33,237 രൂപ മൂന്നു സംഘങ്ങളിൽ അന്വേഷണം നടന്നുവരുന്നു.
വയനാട്	2	17,78,393 രൂപ ഒരു സംഘത്തിൽ അന്വേഷണം നടന്നുവരുന്നു.
കണ്ണൂർ	13	5,20,65,610 രൂപ
കാസർഗോഡ്	3	26,09,436 "

സഹകരണ മേഖലയിലെ പഠന സമിതി

44 (5849) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly